(ഡി) ടൂറിസം വകുപ്പ് ആരുടെയൊക്കെ പ്രതിമകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഒരു ദശാബ്ദക്കാലത്തിന് മുമ്പ് വേമ്പനാട്ട് കായലിൽ നടരാജ വിഗ്രഹം സ്ഥാപിക്കാനുള്ള തീരുമാനം ലക്ഷങ്ങൾ പാഴാക്കിയതായി നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആരുടെയും പ്രതിമകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല. പരശുരാമന്റെ പ്രതിമ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ട്. തീരുമാനമെടുത്തിട്ടില്ല.

(ഡി) ടൂറിസം വകുപ്പ് ആരുടെയും പ്രതിമ സ്ഥാപിച്ചിട്ടില്ല.

(ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട് 2 ലക്ഷം രൂപയും അതിന്റെ പലിശയും ശ്രീ. രാജീവ് അഞ്ചലിൽ നിന്നും വസൂലാക്കാൻ വേണ്ട നിർദ്ദേശം ഈ വകുപ്പിൽ നിന്നും ബഹുമാനപ്പെട്ട കോട്ടയം കളക്ടർക്ക് നൽകിയിട്ടുള്ളതാണ്.

കോവളം കൊട്ടാരവും പരിസരവും ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിസ്തൃതി

16 (2728) ശ്രീ. കെ. മോഹൻകുമാർ :
,, തമ്പാനൂർ രവി:
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജഭരണ കാലത്ത് നിർമ്മിക്കപ്പെട്ട കോവളത്തെ ഹാൽസിയൻ കാസിൽ എന്നറിയപ്പെടുന്ന കൊട്ടാരവും പരിസരവും ഉൾപ്പെടുന്ന സ്ഥലത്തിന് എത്ര വിസ്തൃതി ഉണ്ടെന്നറിയിക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ അധീനതയിൽ ഈ സ്ഥലം ലഭിച്ചിട്ട് എത്ര കാലമായി;

(സി) ടൂറിസ്റ്റുകൾക്ക് തിരുവിതാംകൂർ ചരിത്രത്തെക്കുറിച്ച് അറിവ് നൽകുന്ന ഒരു സംവിധാനത്തിന്റെ ആസ്ഥാനമായി ഈ കൊട്ടാരത്തിനെ പ്രയോജനപ്പെടുത്തുമോ;

(ഡി) ഹാൽസിയൻ കാസിലിനെ സംബന്ധിച്ച് തിരുവിതാംകൂർ രാജ കുടുംബവുമായി ബന്ധപ്പെട്ടവർ ആരെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കൊട്ടാരവും പരിസരവും ചരിത്രസ്മാരകമായി സംരക്ഷിക്കാൻ ആർക്കിയോളജി വകുപ്പുമായി സഹകരിച്ച് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചില തർക്കങ്ങൾ ഉടലെടുത്ത സാഹചര്യത്തിൽ ഇക്കാര്യം നിയമ വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്.

(ഇ) ഈ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവിധ വശങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരിക്കയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ടൂറിസം സെക്രട്ടറി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്. ഇതിന് പുറമേ തിരുവനന്തപുരം ജില്ലാ കളക്ടറേയും കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര പദ്ധതികൾ

17 [2729] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മീൻവല്ലം പദ്ധതി ടൂറിസം വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയെ ടൂറിസം വികസന പദ്ധതിയിലുൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന പദ്ധതികളാണ് ജില്ലയിൽ ആവിഷ്കരിച്ചിട്ടുള്ളത്.

1. പാലക്കാട് കോട്ടമൈതാനത്തിന്റെ വികസനം.
2. കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിന്റെ സംരക്ഷണവും, പരിരക്ഷയും.
3. നെല്ലിയാമ്പതിയിൽ യാത്രിനിവാസ്.
4. മലമ്പുഴയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ.

(ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly